പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 606

10.6.2014 ൽ
മറുപടിയ്ക്ക്

## അഴിക്കോട് സൈബർ പാർക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) അഴിക്കോട് സൈബർ പാർക്കിൽ ബേസിക് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് എന്തെല്ലാം വികസിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | എ) അഴീക്കോട്, സൈബർപാർക്ക് ഇല്ല. എന്നാൽ കോഴിക്കോട് ജില്ലയിൽ നെല്ലിക്കോട്-പന്തീരങ്കാവ് വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന കോഴിക്കോട് സൈബർപാർക്കിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br><br>ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയുടെ വികസനം ലക്ഷ്യംവെച്ച് ഏറ്റവും ആധുനിക സംവിധാനത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ പണി പുരോഗമിച്ചുവരുന്നു. 10000 ചതുരശ്രയടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് 2014 ഫെബ്രുവരി 15 ന് ഉദ്ഘാടനം ചെയ്തു. അതിൽ പ്രോജക്ട് ഓഫീസും, മൂന്ന് ഐ.ടി. കമ്പനികളും പ്രവർത്തിച്ചുവരുന്നു. 50000 ലിറ്റർ ശേഷിയുള്ള വാട്ടർ സപ്ലൈ സ്കീം ഒന്നാംഘട്ടമെന്ന നിലയിൽ സജ്ജീകരിച്ചു. ഗതാഗത സൗകര്യത്തിനായി നാലുവരിപ്പാത പണി പൂർത്തീകരിച്ചു. ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് വേണ്ട 110 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷനുവേണ്ട ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. നിലവിലുള്ള കെട്ടിടത്തിലേയ്ക്ക് കണക്ടിവിറ്റിയും അതിനോടനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്. |
| ബി) പ്രസ്തുത പാർക്കിന് എത്ര ഏക്കർ സ്ഥലം സ്വന്തമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) നെല്ലിക്കോട്-പന്തീരങ്കാവ് വില്ലേജുകളിലായി കോഴിക്കോട് സൈബർപാർക്കിന് 41.89 ഏക്കർ ഭൂമി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ കൈവശമുണ്ട്. |
| സി) പുതുതായി എത്ര സ്ക്വയർഫീറ്റ് കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും പുതുതായി നിർമ്മിക്കാനായി വിളിച്ച ടെണ്ടർപ്രകാരമുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ: | സി) 10000 ചതുരശ്രയടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു ; 2.88 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഈ കെട്ടിടം 2015 സെപ്റ്റംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| ഡി | കോമ്പൗണ്ട്‌വാൾ, ഇന്റേണൽ റോഡ്, കോമൺ ഫെസിലിറ്റീസ് സെന്റർ, വാട്ടർ സപ്ലൈ സ്കീം, ഫുഡ്കോർട്ട്, പവർ സബ് സ്റ്റേഷൻ ഇവയെല്ലാം സ്ഥാപിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ഡി) | ഒന്നാംഘട്ടത്തിലുള്ള കോമ്പൗണ്ട് വാൾ, ഇന്റേണൽ റോഡ് വർക്ക്, കോമൺ ഫെസിലിറ്റി സെന്റർ എന്നിവ പൂർത്തീകരിച്ചു. ഫുഡ് കോർട്ട്, പണി പുരോഗമിക്കുന്ന 2.88 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിടത്തിലാണ്. സബ് സ്റ്റേഷൻ 110 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷന്റെ പ്രീ-ക്വാളിഫിക്കേഷൻ പ്രോസസ്സ് പൂർത്തീകരിച്ചു. ടെണ്ടറിംഗ് പ്രോസസ്സ് അന്തിമഘട്ടത്തിലാണ്. |
| ഇ) | കെ.എസ്.ഐ.ടി.ഐ. യുടെ ഭാഗമായി കോഴിക്കോട് ഓഫീസ് പ്രവർത്തിക്കുന്നുണ്ടോയെന്നും എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്രപേർ അവിടെ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ; | ഇ) | ഉണ്ട്. ഒരു ജനറൽ മാനേജരും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾ നോക്കിനടത്താനായി റിട്ട. ഡപ്യൂട്ടി കളക്ടർമാരായ 2 സ്പെഷ്യൽ ഓഫീസർമാരും പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് സൈബർപാർക്കിന്റെ മേൽനോട്ടവും ജനറൽ മാനേജർക്കാണ്. |
| എഫ്) | വിഭാവനം ചെയ്ത പദ്ധതി കാര്യക്ഷമമായി നടക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്നും ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; | | (എഫ്) ഉം (ജി) യും<br><br>സൈബർപാർക്കിലെ ആദ്യ കെട്ടിടം 2011 ജൂൺ 16 ന് M/s KRR Infra Projects Pvt. Ltd. ന് നൽകിയ കരാർ റദ്ദ് ചെയ്യേണ്ടിവരികയും പദ്ധതി റീ ടെണ്ടർ ചെയ്യേണ്ടിവന്നതും ആണ് കോഴിക്കോട് സൈബർപാർക്ക് പദ്ധതി നടത്തിപ്പിന് കാലതാമസം നേരിടേണ്ടിവന്നത്. ഇതിലേയ്ക്ക് നയിച്ച പ്രധാന കാരണങ്ങൾ താഴെപ്പറയുന്നവയാണ്;<br>2.88 ലക്ഷം ചതുരശ്രയടി വിസ്താരവും സർവ്വീസ് ഏരിയ അടക്കം 9 നിലകളുമുള്ള ഐ.ടി. കെട്ടിടം പൈൽ ഫൗണ്ടേഷനില്ലാതെ ഐസൊലേറ്റഡ് ഫുട്ടിംഗ് രീതിയിലാണ് ആർക്കിടെക്ട് രൂപകല്പന ചെയ്തത്. ഇത് വേണ്ടവിധത്തിൽ പരിശോധിക്കാതെയും വേണ്ട സാങ്കേതിക മാറ്റങ്ങൾ വരുത്താതെയും പൈൽ ഫൗണ്ടേഷനില്ലാതെയുമാണ് അന്നത്തെ സിവിൽ എഞ്ചിനീയറായ പ്രോജക്ട് മാനേജർ (ടെക്നിക്കൽ) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് പ്രവർത്തനാനുമതി നൽകിയത്. പ്രസ്തുത രൂപകൽപന ചെന്നൈയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ സാങ്കേതിക വിദഗ്ദ്ധരുടെ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ, സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രകാരം വേണ്ടത്ര ബെയറിംഗ് ശക്തിയില്ലാത്ത ഈ ഭൂമിയിൽ 9നിലയുള്ള കെട്ടിടം പൈൽ ഫൗണ്ടേഷനില്ലാതെ പണിയുന്നത് സുരക്ഷിതമല്ലെന്ന് ഐ.ഐ.ടി. ചെന്നൈയിലെ സാങ്കേതിക വിദഗ്ദർ സർട്ടിഫൈ ചെയ്തു. ആയതിനാൽ പൈൽ ഫൗണ്ടേഷൻ ഉൾക്കൊള്ളിക്കാത്ത ഈ കരാർ റദ്ദ് ചെയ്യേണ്ടിവന്നു.<br><br>കെട്ടിടം പണിയാനുള്ള ടെണ്ടർ ക്ഷണിക്കുന്നതിന് മുമ്പ് തന്നെ പദ്ധതി നടപ്പിലാക്കുന്ന ഭൂമിക്ക് പ്രത്യേക സാമ്പത്തിക മേഖലാ അനുമതി (ഫോർമൽ അപ്രൂവൽ) ലഭിച്ചിരുന്നു. കൂടാതെ കെട്ടിടത്തിന്റെ സിവിൽ കോൺട്രാക്ട് അവാർഡ് ചെയ്യുന്നതിന് മുമ്പ് തന്നെ പദ്ധതി നടപ്പിലാക്കുന്ന ഭൂമി |
| ജി) | കാര്യപ്രാപ്തിയും കാര്യക്ഷമതയും ഉള്ള ഉദ്യോഗസ്ഥരെ നിയോഗിച്ച് കോഴിക്കോട് ആഫീസിന്റെയും അതുവഴി പദ്ധതിയുടെയും പ്രവർത്തനം ഊർജ്ജിതമാക്കുമോയെന്ന് വ്യക്തമാക്കുമോ ? | | |

പ്രത്യേക സാമ്പത്തിക മേഖലയായി ഗസറ്റിൽ പ്രഖ്യാപനം നടത്തിയിരുന്നു. എന്നിട്ടുപോലും ഈ കെട്ടിടം നോൺ സ്‌പെഷ്യൽ ഇക്കണോമിക് മേഖലാ മാതൃകയിലാണ് ടെണ്ടർ വിളിച്ചത്. ആർക്കിടെക്റ്റ് സമർപ്പിച്ച ടെണ്ടർ രേഖകൾ സൈബർപാർക്കിന്റെ ടെക്നിക്കൽ വിംഗ് പരിശോധിച്ച് വേണ്ട മാറ്റങ്ങൾ വരുത്തിയതായി കാണുന്നില്ല. പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അനുവദിച്ച നികുതി ഇളവുകളൊന്നും ഉൾക്കൊള്ളിക്കാതെയാണ് കരാർ നൽകിയത്. ഈ കരാർ റദ്ദാക്കിയില്ലെങ്കിൽ കോടികളുടെ നഷ്ടം സംഭവിക്കുമായിരുന്നു.

മേൽപറഞ്ഞ രണ്ട് പ്രധാന കാരണങ്ങളാണ് പദ്ധതിയുടെ റീ ടെണ്ടറിലേക്കും കോടതി നടപടികളിലേക്കും അവയെ തുടർന്നുള്ള കാലതാമസത്തിലേക്കും നയിച്ചത്. തുടർന്ന് ഉത്തരവാദിയായ പ്രോജക്ട് മാനേജർ ടെക്നിക്കലിനെ നീക്കം ചെയ്ത്, കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരെ നിയമിച്ച്, 2012-13 കാലഘട്ടം മുതൽ ഊർജിതമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ